ഗ്രാമന്യായാലയ കൊടുവള്ളി, താമരശ്ശേരി
ഹാജർ : ശ്രീമതി.പ്രീതി തമ്പാൻ, ന്യായാധികാരി
2026 മാർച്ച് മാസം 14 തീയ്യതി

ST 176/2024

കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച്
സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്,
താമരശ്ശേരി പോലീസ് ക്രൈം. 1224/2020,
(ശ്രീ. രഞ്ജിൻ ബേബി, APP) — പരാതിക്കാരൻ

1. ജാസിൽ, വയസ്സ്: 26/2022,
S/o.അബ്ദുൾ മജീദ്, മേലെകളം വീട്,
പുല്ലാഞ്ഞിമേട്, താമരശ്ശേരി.
2. കമറുദ്ദീൻ.എം.കെ, വയസ്സ്: 33/2021,
S/o. കുഞ്ഞിമുഹമ്മദ്, മരോട്ടിക്കൽ വീട്,
കാക്കവയൽ, കക്കാട്.പി.ഒ.
3. റിയാസ്, വയസ്സ്: 35/2021
S/o. നാസർ, പെരുമ്പൊയിൽ വീട്,
കാക്കവയൽ, പുതുപ്പാടി.
4. മുഹമ്മദ് ഷാഫി.വി.കെ, വയസ്സ്: 25/2021
S/o. ഇബ്രാഹിം, വണ്ണൻകണ്ടി വീട്,
പുതുപ്പാടി.പി.ഒ.
5. അമൽരാജ്, വയസ്സ്: 23/2021
S/o. രാജു, നടക്കുന്നുമ്മൽ വീട്,
പുതുപ്പാടി.പി.ഒ,ഈങ്ങാപ്പുഴ.

— പ്രതികൾ

കുറ്റം : 1860 ലെ ഇന്ത്യൻ ശിക്ഷാനിയമം 143, 145, 147, 283 r/w 149 വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായത്.

ഉത്തരവ്

മേൽ നമ്പർ കേസിലെ പ്രതികൾക്കെതിരെ 1860 ലെ ഇന്ത്യൻ ശിക്ഷാനിയമം 143, 145, 147, 283 r/w 149 വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യത്തിന് താമരശ്ശേരി പോലീസ് ക്രൈം. 1224/2020, പ്രകാരം രജിസ്റ്റർ ചെയ്ത കേസാണിത്.

പ്രതികൾ ഹാജരുണ്ട്. പ്രതികൾ പേരിലുള്ള കുറ്റത്തിന്റെ വിവരങ്ങൾ 1860 ലെ ഇന്ത്യൻ ശിക്ഷാനിയമം 143, 145, 147, 283 r/w 149 വകുപ്പുകൾ പ്രകാരം

വായിച്ചു കൊടുത്തു ബോധ്യപ്പെടുത്തി. പ്രതികൾ അപരാധികളാണെന്ന് സമ്മതിച്ചു. പ്രതികൾ കുറ്റസമ്മതം നടത്തിയത് സ്വമേധയാ ആണെന്ന് കോടതിക്ക് പരിപൂർണ്ണമായും ബോധ്യമായി. പ്രതികളെ കുറ്റക്കാരാണെന്ന് കണ്ടെത്തി.

ആകയാൽ പ്രതികളെ ഇന്ത്യൻ ശിക്ഷാനിയമം 143 വകുപ്പ് പ്രകാരം ₹ 300/- (മുന്നൂറ് രൂപ) വീതം പിഴ അടയ്ക്കുവാനും അല്ലെങ്കിൽ 3 ദിവസത്തെ സാധാരണ തടവിനും, ഇന്ത്യൻ ശിക്ഷാനിയമം 145 വകുപ്പ് പ്രകാരം ₹ 300/- (മുന്നൂറ് രൂപ) വീതം പിഴ അടയ്ക്കുവാനും അല്ലെങ്കിൽ 3 ദിവസത്തെ സാധാരണ തടവിനും, ഇന്ത്യൻ ശിക്ഷാനിയമം 147 വകുപ്പ് പ്രകാരം ₹ 500/- (അഞ്ഞൂറ് രൂപ) പിഴ അടയ്ക്കുവാനും അല്ലെങ്കിൽ 3 ദിവസത്തെ സാധാരണ തടവിനും, ഇന്ത്യൻ ശിക്ഷാനിയമം 283 വകുപ്പ് പ്രകാരം ₹ 150/- (നൂറ്റി അൻപത് രൂപ) പിഴ അടയ്ക്കുവാനും അല്ലെങ്കിൽ 1 ദിവസത്തെ സാധാരണ തടവിനും, ശിക്ഷിച്ചിരിക്കുന്നു.

(ഞാൻ പറഞ്ഞു കൊടുത്ത പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ഞാൻ ശരിയാക്കി തുറന്ന കോടതി മുമ്പാകെ 2026 മാർച്ച് മാസം 14 തീയ്യതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.)

ന്യായാധികാരി
കൊടുവള്ളി, താമരശ്ശേരി